**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** **10-08-2023 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി തീരശോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കുന്നതോടെ സംഭവിക്കാവുന്ന തീരശോഷണം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കുന്നതോടെ, തീരശോഷണം സംഭവിക്കുമോ എന്നത് സംബന്ധിച്ചും സംഭവിച്ചാൽ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൂനെ, സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതരോട് സ്ഥലസന്ദർശനം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് . സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതർ 10/08/2023- ൽ സ്ഥലസന്ദർശനം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുടർന്ന് ലഭിക്കുന്ന സാങ്കേതികാഭിപ്രായത്തിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | തീര ശോഷണം സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | (ബി) | തീരശോഷണം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല . സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ